# ACADEMIC MASTERPLAN

## GLPS KS MANGALAM

## 2025 - 2026

വിദ്യാലയത്തിന്റെ പേര്

ഗവ. എൻ. പി. എസ്

കുലശേഖരമംഗലം

ഉപജില്ല : വൈക്കം

വിദ്യാഭ്യാസ ജില്ല :

കടുത്തുരുത്തി

ജില്ല : കോട്ടയം

വർഷം : 2025 - 2026

# ആമുഖം

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ മറവൻതുരുത്ത് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഒരു സർക്കാർ സ്ഥാപനമാണ് കുലശേഖരമംഗലം ഗവ. എൽ. പി സ്കൂൾ. കൂട്ടുമ്മേൽ ഭഗവതി ക്ഷേത്രത്തിനു തൊട്ടടുത്ത സരസ്വതി ക്ഷേത്രമാണിത്.

1964-ൽ വരെ ഈ സ്കൂൾ കുലശേഖരമംഗലം ഗവ. ഹൈസ്കൂളിന്റെ ഭാഗമായിരുന്നു. കുട്ടികളുടെ ആധിക്യം മൂലം 1965-ൽ ഈ സ്കൂൾ ഹൈസ്കൂളിൽ നിന്ന് വേർപെടുത്തി കുലശേഖരമംഗലം ഗവ. എൽ. പി. സ്കൂൾ എന്ന പേരിൽ മറ്റൊരു സ്കൂളായി.

പ്രീപ്രൈമറി മുതൽ 4 വരെ 64 കുട്ടികൾ ടി സ്കൂളിൽ അധ്യയനം നടത്തി വരുന്നു. പ്രീപ്രൈമറി ടീച്ചർ ഉൾപ്പെടെ 6 അധ്യാപകരും ഒരു പാർട്ട് ടൈം ജീവനക്കാരിയും 1 പാചക തൊഴിലാളിയും ജോലിചെയ്യുന്നു. ഒരു അങ്കണവാടിയും സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

"അക്കാദമിക മികവാണ് വിദ്യാലയ മികവ്" എന്ന ആശയത്തിലൂന്നി വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകണം. ഗുണനിലവാരമുള്ള വിദ്യാഭ്യാസം

കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കുന്ന തരത്തിലായിരിക്കണം. പാഠ്യപാഠ്യേതര രംഗങ്ങളിലുള്ള കഴിവുകൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുമ്പോഴാണ് വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുന്നത്.

2025-2026 അധ്യയന വർഷത്തിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ഭൗതികവും അക്കാദമികവും സാമൂഹികവും ആയ മേഖലകളിൽ വികസനം സാധ്യമാകുന്നതിനു സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തുല്യതയും ഗുണനിലവാരവും ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള ഒരു മാർഗ്ഗരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. സ്കൂൾ തലത്തിൽ മാസ്റ്റർ പ്ലാനിൽ ഓരോ മേഖലയിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപ്പെടുത്തണം.

പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. പഠനവും ബോധനവും ആസ്വാദ്യകരമായ അനുഭവം ആക്കി മാറ്റുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

* ഓരോ കുട്ടിക്കും മാതൃഭാഷയിലും ഇംഗ്ലീഷിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷി നേടണം
* പഠന വിഷയങ്ങളിൽ ആശയവ്യക്തത ഉണ്ടാകണം.
* കണക്ക്, സയൻസ്, ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
* പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആകർഷണവും വേണം
* കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം കൈവരിക്കേണ്ടതുണ്ട് എന്ന് ഉറപ്പുവരുത്തണം
* പ്രകൃതിയെന്ന പാഠപുസ്തകം എന്ന ആശയം വികസിപ്പിച്ചെടുക്കണം.
* സ്കൂൾ പച്ചക്കറികൃഷി, പൂന്തോട്ടം, ഔഷധ തോട്ടങ്ങൾ എന്നിവ പരിപാലിക്കണം.
* എല്ലാ കുട്ടികളും നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
* മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് വേണ്ട പരിശീലനം നൽകുക.
* ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ കൃത്യമായി പ്രയോജനപ്പെടുത്തി എല്ലാകുട്ടികളെയും വായനയും എഴുത്തും അർത്ഥപൂർണ്ണമാക്കുക.

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക.
* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തി ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക.
* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളിലൂടെ ഗണിതാഭിരുചി വളർത്തുക.
* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത, ആരോഗ്യ ശീലങ്ങൾ, പോഷകാഹാരത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി നല്ല ശീലങ്ങൾ വളർത്തുക.
* വർണ്ണക്കൂടാരം പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.
* എല്ലാ ദിനാചരണങ്ങളും ആചരിക്കുന്നതിലൂടെ സാമൂഹിക അവബോധം കുട്ടികളിൽ വളർത്തുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. റിസോഴ്സ് ടീച്ചറിന്റെ സഹായം ഉറപ്പുവരുത്തുന്നു.
* രക്ഷിതാക്കൾക്കും കുട്ടികൾക്ക് അവശ്യം വേണ്ടവിഷയങ്ങളിൽ ബോധവത്കരണ ക്ലാസ് നടത്തുക.

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം.

| ക്ലാസ് → വിഭാഗം | I | II | III | IV | ആകെ |
|---|---|---|---|---|---|
| B | 4 | 5 | 6 | 11 | 26 |
| G | 2 | 2 | 8 | 6 | 18 |
| ആകെ | 6 | 7 | 14 | 17 | 44 |

പ്രീപ്രൈമറി വിഭാഗം.

| പ്രീപ്രൈമറി | B | G | T | |
|---|---|---|---|---|
| | | | 19 | |

അധ്യാപകർ- നിലവിലെ അവസ്ഥ

പ്രഥമാധ്യാപിക അടക്കം 4 അധ്യാപകർ എൽ.പി. വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്നു. പ്രീപ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരുണ്ട്. കൂടാതെ ഒരു പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയും ഇവിടെ ജോലി ചെയ്യുന്നു. കഴിഞ്ഞവർഷം അവധിക്കാല പരിശീലനം, ക്ലസ്റ്റർ പരിശീലനം എന്നിവ അധ്യാപകർക്കു ലഭിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ അധ്യാപകരെ സഹായിക്കുന്നു.

## സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ കൂടുതലായി പഠിക്കുന്നത്. സ്കൂൾ ബസ് സ്വന്തമായിട്ടുണ്ടെങ്കിലും അതിന്റെ നടത്തിപ്പ് ബുദ്ധിമുട്ടായി അനുഭവപ്പെടുന്നു.

നിലവിലെ അവസ്ഥ - ഭൗതികസാഹചര്യം.

ഈ സ്കൂളിൽ (a) 24.7x7.8x3.3, (b) 12.7x7.8x3.3 (c) 8.44x7.00x3.6, (d) 8.7x8.34x3.65 എന്നീ അളവുകളിലുള്ള നാലു കെട്ടിടങ്ങൾ, നൂതനരീതിയിൽ പണികഴിപ്പിച്ച അടുക്കള, ഡൈനിംഗ് ഹാൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ, ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, ടെലിവിഷനുകൾ തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ട്. സ്കൂൾ കെട്ടിടത്തിൽ ഒരു അംഗൻവാടിയും പ്രവർത്തിക്കുന്നു. പ്രൈമറി വിഭാഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി ആരംഭിച്ച വർണ്ണക്കൂടാരം എന്നപ്രൊജക്ട് ജൂലൈ-10 ന് വൈക്കം എം.എൽ.എ ശ്രീമതി. സി.കെ. ആശ ഉദ്ഘാടനം ചെയ്തു.

അക്കാദമിക നിലവാരം മെച്ചപ്പെടുന്നതിനായി സ്കൂളിൽ നടപ്പാക്കുന്ന പ്രധാന പരിപാടികൾ

- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റും.
- നാലാം ക്ലാസ് പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും LP നിലവാരത്തിനനുസരിച്ച് വായിക്കുവാനും എഴുതുവാനുമുള്ള കഴിവുനേടാൻ പ്രാപ്തരാക്കും.
- കലാകായിക പ്രവൃത്തിപരിചയരംഗങ്ങളിലെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തും.
- ഇംഗ്ലീഷ് ഭാഷാ പരിപോഷണ പരിപാടികൾ നടപ്പിലാക്കും.
- IT പരിശീലനം.
- പച്ചക്കറിത്തോട്ടം.
- പ്രഭാതഭക്ഷണം.
- പോഷകാഹാരപരിപാടി
- സാഹിത്യപോഷണ പരിപാടികൾ
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക്
- ദിനാചരണങ്ങൾ
- സർഗവേളകൾ

# പരിസരപഠനം.

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം.

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആഹാരശീലങ്ങളുടെയും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ - ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | ചിത്രശലഭോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം.

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസ്സുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ. SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം കാവ്വ ബംഗ്ലാവിലേക്ക്. കാണാകാഴ്ചകൾ | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | |
| നാടറിയാൻ - നാട്ടറിവുകൾ. | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചിലവ് | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം പലതു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ. | ജൂൺ ജൂലൈ ആഗസ്ത് | | |
| പ്രകൃതിവിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ. മഴക്കുഴിനിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ- ഡിസംബർ | | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ. | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. പരീക്ഷണം വീട്ടിനകത്തും. ശാസ്ത്രമാസികകൾ | | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്സ് - IV

| പ്രകൃതിനടത്തം. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം - അറിവ് നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | HM CPTA | PTA |
| ശാസ്ത്രമേള. | | | | |
| | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA. |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ. | വാന നിരീക്ഷണ കേന്ദ്രം. സയൻസ് പാർക്ക് ശാസ്ത്രവേദിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം. | HM SRG CPTA. ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ. |
| ഭൂപടമൊരുക്കാം. | | | | |
| കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ. | ഭൂപടവായന ഭൂപടരചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന്. | SRG ക്ലാസ്ടീച്ചർ | PTA. |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്സ് → 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ- മാർച്ച് | PTA | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |
| | 3) ഗണിത ക്യാമ്പ് ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ്സ്ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസ്സിലുകളും പരിചയപ്പെടുത്തൽ | അധ്യയനവർഷം മുഴുവനും | SRG ക്ലാസ്സ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | വൈദിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | SSA Staff SMC. |

# ഗണിതം

## Std: IV

### കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം (ഉരുണ്ടിയും പാമ്പും, വയസ് കളി) സങ്കലനം വ്യവകലനം (കച്ചവട കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

### ജ്യാമിതിയിലൂടെ പഠിക്കാം

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കരവേല ശേഷി വികാസം | ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | PTA |

### ഗണിതച്ചുമർ

| | | | | |
|---|---|---|---|---|
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

## ഗണിതപഠനോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കാം | പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | [illegible] | PTA ക്ലാസ് ടീച്ചർ | PTA |

## ഗണിതമേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പോഷണം | പോൾ നോട്ടറി, പസിൽ പാറ്റേണുകൾ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA. |

# ഇംഗ്ലീഷ്

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കു- വാനുള്ള അവസരം ഒരുക്കാൻ. | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | SSA |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk..... പ്രതിഭാധനരുമായി സംവദിക്കൽ. | മൂന്ന് മാസത്തിൽ ഒന്ന് | SRG | |
| | | | Class Teacher | SSA |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English | ആഴ്ചയിൽ ഒന്ന് | | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ്സ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ വിനിമയം ഒഴുക്കോടെയും | ക്ലാസ്സ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | | |
| | വാർത്താവായന മത്സരം - സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാ ക്ലാസുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

# English - Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | Class Teacher | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | Class Teacher | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | Class Teacher | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | HM Class Teacher SMC | SMC |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സൃഷ്ടികളുമായി കണ്ടെപാട്. | മാസത്തിലൊന്ന് | Class Teacher | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാശേഷ ഒരുക്കൽ<br>വായനാക്കുറിപ്പ് പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | Class Teacher | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാമത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം. | 1. ഭാഷാകേളി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | നവംബർ ഒക്ടോബർ | ക്ലാസ് Tr. SRG SMC സ്കൂൾവികസനസമിതി | SMC |
| | 2. അമ്മവായനയിലൂടെ അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് Tr. SRG മദർ PTA | മദർ PTA |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ നവംബർ | SRG SMC ക്ലബ്ബുകൾ | - |
| | 2. ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | | |
| ...ർഗ്ഗാത്മകതയെ ...ട്ടിയുണർത്താം. | 1. രചനാശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖവ്യ... | SR... SM... |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2. പുസ്തകശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | |
| | 3. ചിത്ര ഗ്യാലറി | ജനുവരി | MPTA ക്ലബ്ബുകൾ | SMC |
| വായനാപരിപോഷണം | 1. പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2. വായനാക്കുറി | ആഴ്ചയിൽ ഒരിക്കൽ | | |

മേഖല - അക്കാദമികം ക്ലാസ് - 4

ഉപമേഖല - ഭാഷ

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, അനുയോജ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ | PTA |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | | | |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class Teacher | PTA |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെന്ററി പ്രദർശനം<br>പുസ്തകപരിചയം<br>ജീവിതരേഖ തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ CPTA | |

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന് | HM SRG CPTA ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | HM SRG CPTA | PTA |